# പാഴ് വസ്തുക്കളിൽനിന്ന്  മാതൃകാ പൂന്തോട്ടം:

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി കെ.എം. ഷാജി ഉദ്ഘാടനം ചെയ്തു.

നാടിനെയും മണ്ണിനെയും മലിനമാകാതെ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങേണ്ടത് കുട്ടികളാണെന്ന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി കെ.എം. ഷാജി പറഞ്ഞു. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പാഴ് വസ്തുക്കളിൽനിന്നുള്ള ഉത്പന്നങ്ങളാൽ തയ്യാറാക്കിയ 'മാതൃകാ പൂന്തോട്ടം തിരുവനന്തപരും മണക്കാട് ഗേൾസ് സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.  നിയമസഭാതെരഞ്ഞെടുപ്പിലുപയോഗിച്ച പോളി എത്തിലിൻ ബോർഡുകൾ റീസൈക്കിൾ ചെയ്ത് തയ്യാറാക്കിയ ചെടിച്ചട്ടികളാണ് പൂന്തോട്ടത്തിൽ ഉപയോഗിച്ചത്. നിയമസഭാ തെരെഞ്ഞെടുപ്പിൽ ഫ്ലെക്സ് ബോർഡുകൾ ഉപയോഗിക്കാതെയും സൈക്കിളിൽ യാത്ര നടത്തിയും മാതൃക തിരെഞ്ഞെടുപ്പ് പ്രചരണ പ്രവർത്തനങ്ങൾ നടത്തിയ ചാണ്ടി ഉമ്മൻ എം.എൽ.എയുടെ പ്രവർത്തനം അഭിനന്ദനീയമാണ്.  അത്തരം മാതൃകാപ്രവർത്തനങ്ങൾ എല്ലാവർക്കും പ്രചോദനമാകണമെന്നും മന്ത്രി പറഞ്ഞു.

ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ നിയമസഭാതെരഞ്ഞെടുപ്പുവേളയിൽ ശേഖരിച്ച  പ്ലാസ്റ്റിക് മാലിന്യങ്ങൾ, 'ഹമാര പ്ലാസ്റ്റിക്സ്' എന്ന റീസൈക്ലിംഗ് സ്ഥാപനത്തിന്റെ സഹകരണത്തോടെയാണ് ചെടിച്ചട്ടികൾ ഉൾപ്പെടെയുള്ള വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റിയത്. മാലിന്യങ്ങളെ വിഭവങ്ങളാക്കി മാറ്റുന്ന 'സർക്കുലർ ഇക്കോണമി'യുടെ പ്രായോഗികമാതൃകയാണ് ഈ പൂന്തോട്ടം.

മേയർ വി. വി. രാജേഷ് അധ്യക്ഷത വഹിച്ചു. എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർ  ജെറോമിക് ജോർജ്, ശുചിത്വമിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ബിനു ഫ്രാൻസിസ്, കെ.എസ്.ഡബ്ല്യു.എം.പി പ്രോജക്ട് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ എസ്. ശ്രീകല, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജി. കെ. സുരേഷ് കുമാർ, വാർഡ് കൗൺസിലർ ആർ. മിനി, സ്കൂൾ ഹെഡ്മാസ്റ്റർ ജോസ് പി. ജെ. എന്നിവർ സംസാരിച്ചു.